# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/ബി1/2062/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/12/2025
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥന ഓഡിറ്റ് പകുപ്പ്(ഉപരി പത്രം സഹിതം)
2. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കോഴിക്കോട്
3. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/ബി1/2062/2025 തീയ്യതി: 30/12/2025

## കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2024 മുതൽ 08-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 19-08-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.ജയരാജൻ | ജോയിന്റ് ഡയറക്ടർ | 09-10-2025 | 14-10-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-10-2025 | 14-10-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ സി.പി,ഓഡിറ്റ് ഓഫീസർ
ശ്രീ.വിജേഷ് കെ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സഹദ് ഒ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.മുഹമ്മദ് ജസ്സൽ കെ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.പി സുനിൽ കുമാർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ അഭിനേഷ് കുമാർ.കെ (അധിക ചുമതല) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 21-08-2024 |
| ശ്രീമതി.ബിന്ദു സി.പി | സെക്രട്ടറി | 22-08-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ബേബി പ്രീത | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), നരിക്കുനി | 01-04-2024 | 31-03-2025 |
| ഡോ.അൻവർ സാദത്ത് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), തലക്കുളത്തൂർ | 01-04-2024 | 13-06-2024 |
| ഡോ.ഷീബ എം | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), തലക്കുളത്തൂർ | 14-06-2024 | 31-03-2025 |
| ശ്രീ.ബാബുരാജൻ എം.എൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 22-01-2025 |
| ശ്രീമതി.ബിന്ദു വി | പട്ടികജാതി വികസന ഓഫീസർ | 23-01-2025 | 31-03-2025 |
| ശ്രീമതി.സ്മിത ടി.യു | സി.ഡി.പി.ഒ | 01-04-2024 | 26-01-2025 |
| ശ്രീമതി.ദീപ കെ | സി.ഡി.പി.ഒ | 27-01-2025 | 24-02-2025 |
| ശ്രീമതി.സ്മിത ടി.യു | സി.ഡി.പി.ഒ | 25-02-2025 | 31-03-2025 |
| ശ്രീമതി ഹിത.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 02-10-2024 |
| ശ്രീ.ശ്രീജിത്ത് സി. പി | ഡയറി എക്സ്റ്റൻഷൻ | 03-10-2024 | 31-03-2025 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി സൽന.എം | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 07-07-2024 |
| ശ്രീമതി.വിദ്യ ടി | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 08-07-2024 | 31-03-2025 |
| ശ്രീമതി രേഖ പി.ആനന്ദ് | അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.നിഷ.ഐ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 12-09-2024 |
| ശ്രീ. മനോജ്കുമാർ.പി.എം | എ.ഇ ഇൻചാർജ്ജ് - ഓവർസിയർ ഫസ്റ്റ് ഗ്രേഡ് | 13-09-2024 | 18-09-2024 |
| ശ്രീ.ഷാഹുൽഹമീദ്.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 19-09-2024 | 31-03-2025 |
| ശ്രീമതി.നിഷ.കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2024 | 03-12-2024 |
| ശ്രീമതി.അപർണ.എൻ.എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ഇൻചാർജ്) | 04-12-2024 | 31-12-2024 |
| ശ്രീമതി.നിഷ.കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-01-2025 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് - പൊതു പരാമർശങ്ങൾ | 1-1-1 |
| 3 | വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | റവന്യൂ ചെലവായി രേഖപ്പെടുത്തിയ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | PMAY-കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ ചെലവ് സുലേഖ പത്രികയിൽ പ്രതിഫലിക്കുന്നില്ല | 1-1-5 |
| 7 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകകൾ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല | 1-1-7 |
| 9 | നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | ഇ-ടെണ്ടർ ഫീസ്-വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | ചെലവ് തുക മുഴുവനായി വാർഷികകണക്കിൽ പ്രതിഫലിച്ചില്ല | 1-1-10 |
| 12 | ബാധ്യതാ തുക ആസ്തിയായി രേഖപ്പെടുത്തി | 1-1-11 |
| 13 | ഡിപ്രിസിയേഷൻ -അപാകങ്ങൾ | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | കാഷ് ബാലൻസ് പരിശോധന | 1-6 |
| 19 | ഇൻകം ടാക്സ് -അധികമായി അടവാക്കിയ തുക നാളിതുവരെയും തിരികെ ലഭ്യമാക്കിയില്ല | 1-7 |
| 20 | ജീവതാളം ഫിറ്റ്നസ് സെന്റർ മെഷീനുകളുടെ മെയിന്റനൻസ്-അപാകം | 1-8 |
| 21 | സൗരോർജ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി- പൂർത്തീകരിച്ചില്ല | 1-9 |
| 22 | ദൈനം ദിന ചെലവുകൾ പദ്ധതി- അപാകങ്ങൾ | 1-10 |
| 23 | സ്രോതസിൽ നിന്നും GST (TDS) ഈടാക്കിയില്ല | 1-11 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-12 |
| 25 | സി.എച്ച്.സി തലക്കുളത്തൂർ വൈദ്യുതി ബിൽ അടവാക്കിയതിലെ അപാകങ്ങൾ | 1-13 |

| | | |
|---|---|---|
| 26 | ഡ്രെയിനേജ് നിർമ്മാണത്തിലെ അപാകത-ബ്ലോക്ക് പഞ്ചായത്തിന് ചെലവിനത്തിൽ നഷ്ടം | 1-14 |
| 27 | ഫുട്ടാത്ത് നിർമ്മാണത്തിന് കോൺക്രീറ്റ് റോഡിന്‌റെ ഇനം നൽകുന്നു | 1-15 |
| 28 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി ചെലവ് ശതമാനം കുറഞ്ഞു-പദ്ധതിയ്ക്ക് വകയിരുത്തിയ തുക നഷ്ടപ്പെട്ടു | 1-16 |
| 29 | 2.5 ലക്ഷം രൂപക്ക് മുകളിൽ വരുന്ന പർച്ചേസുകൾക്ക് ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയില്ല | 1-17 |
| 30 | പഠനമുറി : അഡ്വാൻസ് കൈപ്പറ്റി നാളിതുവരേയായിട്ടും പണി ആരംഭിച്ചില്ല | 1-18 |
| 31 | പഠനമുറി : വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചില്ല | 1-19 |
| 32 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും | 1-20 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഡ്രെയിനേജ് നിർമ്മാണത്തിലെ അപാകം-ബ്ലോക്ക് പഞ്ചായത്തിന് ചെലവിനത്തിൽ നഷ്ടം | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്‌റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 10.07.2025 തീയതിയിലെ 7/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 18.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

## 1-1-1 അക്കൗണ്ടിംഗ് - പൊതു പരാമർശങ്ങൾ

എ) മുഴുവൻ പത്രികകളും സമർപ്പിച്ചില്ല

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയാറാക്കി വാർഷിക

ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

ബി) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ കാഷ് ഫ്ലോ തുകയും മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ കാഷ് ഫ്ലോയും (95,57,593) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (84,53,765) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-2 വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2024-25സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വിവിധ ചെലവുകൾക്ക് (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-3 അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിൽ ടി.എസ്.സി (Total Sanitation Campaign) ഗ്രാന്റിന്റെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള തുക അനുബന്ധ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വാർഷികകണക്ക് B4 പ്രകാരമുള്ള നീക്കിയിരിപ്പ് 9,88,009/-രൂപയും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (B17) 15,58,593/-രൂപയുമാണ്.

### 1-1-4 റവന്യൂ ചെലവായി രേഖപ്പെടുത്തിയ തുകകൾ പൊരുത്തപ്പെടുന്നില്ല

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ച് നടത്തിയ റവന്യൂ പ്രവർത്തനങ്ങളുടെ ചെലവായി I-14 E ൽ രേഖപ്പെടുത്തിയ തുകയും I-6 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-5 PMAY-കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ ചെലവ് സുലേഖ പത്രികയിൽ പ്രതിഫലിക്കുന്നില്ല

വാർഷിക കണക്ക് I-6 പ്രകാരം PMAY-പ്രൊജക്ടുകൾക്കായി ലഭിച്ച കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ ചെലവ് തുകയായി 92,64,000/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് PMAY ഭവന പദ്ധതികളുടെ ചെലവിനൊപ്പം സുലേഖ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

### 1-1-6 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ സ്ഥാപനത്തിലെ സ്റ്റോക്ക് & സ്റ്റോറിന്റെ വാല്യൂ മൂല്യാധിഷ്ഠിതമാക്കി തയ്യാറാക്കി സൂക്ഷിക്കുകയോ വാർഷിക കണക്കിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

### 1-1-7 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകകൾ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല

ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രൊജ്ക്റ്റ് നം.42/25 പ്രകാരം 13,78,300/-രൂപയും, തലക്കളത്തൂർ ,നരിക്കുനി സി.എച്ച്.സികളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രൊജക്ട് നം.168/25, 28/25 എന്നിവ പ്രകാരം യഥാക്രമം 11,000,00/-, 9,99,900/-രൂപയും അനർട്ടിന് ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ടി ചെലവ് അഡ്വാൻസ് ഹെഡ്ഡിൽ രേഖപ്പെടുത്തുകയോ ബാലൻസ്ഷീറ്റിൽ 4ൽ തുടങ്ങുന്ന Advance To Implementing Agency/Accredited Agency എന്ന ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

### 1-1-8 നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷികകണക്ക് B7ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 5,41,302/-രൂപയും, B18 ഷെഡ്യൂൾ

പ്രകാരം അഡ്വാൻസ് ഇനത്തിൽ 41,80,892/-രൂപയും നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത തുകകളെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടില്ല.

1-1-9 ഇ-ടെണ്ടർ ഫീസ്-വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

2024-25 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭിച്ച തുക വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

1-1-10 ചെലവ് തുക മുഴുവനായി വാർഷികകണക്കിൽ പ്രതിഫലിച്ചില്ല

വാർഷികകണക്ക് പ്രകാരം വികസനഫണ്ട്-ജനറൽ ഇനത്തിലെ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത് 2,49,24,481/-രൂപയും(I-6+B-3) ACR പ്രകാരമുള്ള ചെലവ് തുക 2,53,01,481/-രൂപയുമാണ്. ആയത് പൊരുത്തപ്പെടുന്നില്ല. പ്രൊ.നം 11/24-25 പ്രകാരം സി.ഡി.പി.ഒ നിർവഹണ ഉദ്യോഗസ്ഥയായിട്ടുള്ള ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി പ്രകാരമുള്ള 31,11,330/-രൂപയുടെ ചെലവിൽ (ചെലവ് പത്രിക പ്രകാരം) 3,77,000/-രൂപയുടെ ചെലവ് വാർഷിക കണക്കിൽ പ്രതിഫലിക്കാത്തതാണ് വ്യത്യാസത്തിന് കാരണം. അത് പോലെ വാർഷിക കണക്കിലെ ചെലവ് തുക സുലേഖ പത്രികയിലെ തുകയുമായും പൊരുത്തപ്പെടുന്നില്ല. സുലേഖ പത്രിക പ്രകാരം തൻവർഷ ചെലവ് 2,41,09,681/-രൂപയാണ്. ACR പ്രകാരം 2,53,01,481/-രൂപ ചെലവുണ്ടായിരുന്നിട്ടും മുഴുവൻ തുകയും സുലേഖയിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

1-1-11 ബാധ്യതാ തുക ആസ്തിയായി രേഖപ്പെടുത്തി

വാർഷികകണക്ക് RP-31 പ്രകാരം ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 10,000/-രൂപയുടെ വരവുണ്ട്. എന്നാൽ പദ്ധതിയ്ക്കായി തൻവർഷം ചെലവഴിച്ച ടി തുക തെറ്റായി 4 ൽ തുടങ്ങുന്ന അഡ്വാൻസ് ഹെഡിൽ രേഖപ്പെടുത്തുകയും ആസ്തിയായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

1-1-12 ഡിപ്രിസിയേഷൻ -അപാകങ്ങൾ

മുൻവർഷ ഇൻകം & എക്സ്പെന്റിച്ചർ പ്രകാരം ഡിപ്രിസിയേഷനായി രേഖപ്പെടുത്തിയിട്ടുള്ളത് 43,55,970/-രൂപയും തൻവർഷം രേഖപ്പെടുത്തിയിട്ടുള്ളത് ആകെ 8,43,382/-രൂപയുമാണ്. ആയതിൽ നിന്നും മുഴുവൻ ആസ്തികൾക്കും ഡിപ്രിസിയേഷൻ രേഖപ്പെടുത്താത്തതായി കാണാവുന്നതാണ്. മുൻ വർഷങ്ങളിൽ ആസ്തിയേക്കാൾ അധികരിച്ച് തെറ്റായി ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയ ഇനങ്ങൾക്ക് തൻവർഷം ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അധികമായി രേഖപ്പെടുത്തിയ തുക Accumulated Depreciationൽ നിന്നും ജേണൽ ചെയ്ത് മാറ്റിയിട്ടില്ല. ആയതിനാൽ തൻവർഷവും വിവിധ ഇനങ്ങളുടെ ഡിപ്രിസിയേഷൻ ആസ്തി മൂല്യത്തേക്കാൾ അധികരിക്കുന്നു.

1-2 ബജറ്റ്

ചെങ്ങന്നൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് 08.02.2024 തീയതിയിലെ 2/88/23-24 നമ്പർ തീരുമാനപ്രകാരവും പരിഷ്കരിച്ച ബജറ്റ് 28.02.2025 തീയതിയിലെ 1/2 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു-ചെലവു കണക്കുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 82,68,841 |
| വരവ് | 13,57,44,000 |
| ആകെ | 14,40,12,841 |
| ചെലവ് | 13,67,00,000 |

| | |
|---|---|
| നീക്കിയിരിപ്പ് | 73,12,841 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 76,27,302 |
| വരവ് | 9,62,25,937 |
| ആകെ | 10,38,53,259 |
| ചെലവ് | 8,77,72,172 |
| നീക്കിയിരിപ്പ് | 1,60,81,067 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,86,55,456 | 2,86,55,456 | *2,53,01,481 | 33,53,975 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,66,55,544 | 1,66,55,544 | 1,36,13,869 | 30,41,675 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 9,56,000 | 9,56,000 | 9,56,000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 1,89,89,000 | 1,89,89,000 | 1,34,53,599 | 55,35,401 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (PFMS മുഖേന) | 24,07,717 | 52,41,393 (48,67,485 + പലിശ 3,73,908) | 76,49,110 | 38,38,259 | 38,10,851 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ – ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 37,25,319 | 1,07,47,500 | 1,44,72,819 | 70,73,340 | 73,99,479 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ – ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 29,794 | 29,794 | 0 | 29,794 |

കുറിപ്പ്: *വികസന ഫണ്ട്-ജനറൽ പ്രകാരമുള്ള 3,77,000/-രൂപയുടെ ചെലവ് വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | നടപ്പാക്കിയ പ്രോജക്ടു |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| (എണ്ണം) | | (എണ്ണം) | | (എണ്ണം) | കളുടെ ശതമാനം |
| 132 | 109825185 | 105 | 68496094 | 27 | 79.54 |

## 1-6 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 14.10.2025 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ഇൻകം ടാക്സ് -അധികമായി അടവാക്കിയ തുക നാളിതുവരെയും തിരികെ ലഭ്യമാക്കിയില്ല

ചെറുനിയിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രൊജക്ടിന്റെ (പ്രൊജക്ട് നം. 112/23-24) ബില്ലിൽ നിന്നും (സാംഖ്യ ബിൽ നം. 288/23-24 തീയതി 08.01.2024) ആദായനികുതി തുകയായ 5,004/- രൂപ ബാങ്ക് അക്കൗണ്ടിൽ നിന്ന് 30.01.2024 ന് രണ്ട് തവണ കുറവ് ചെയ്യപ്പെട്ടിട്ടുണ്ട് (എച്ച്.ഡി.എഫ്.സി ബാങ്ക്, സി.എഫ്.സി അക്കൗണ്ട് നം. 50100400606444). മുൻ വർഷ ഓഡിറ്റിൽ പരാമർശിച്ചിട്ടും നാളിതുവരെയും ടി തുക തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.11/14.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-8 ജീവതാളം ഫിറ്റ്നെസ് സെന്റർ മെഷീനുകളുടെ മെയിന്റനൻസ്-അപാകം

| | |
|---|---|
| പദ്ധതി നം. | 27/2024-25 |
| പ്രൊജക്ട് | സി.എച്ച്.സി. തലക്കുളത്തൂർ ദൈനം ദിന ചെലവുകൾ |
| അടങ്കൽ | 10,00,000/- (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | 9,99,950/- |
| ബിൽ നം/തീയതി | 373/05.12.24, 58150/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി- തലക്കുളത്തൂർ (ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്) |

സി.എച്ച്.സി. തലക്കുളത്തൂർ ദൈനം ദിന ചെലവുകൾക്കായാണ് പദ്ധതി തയ്യാറാക്കി മേൽ തുക ചെലവഴിച്ചിട്ടുള്ളത്. ഇതുപ്രകാരം സി.എച്ച്.സി തലക്കുളത്തൂർ ജീവതാളം ഫിറ്റ്നസ് സെന്ററിലെ പ്രവർത്തനരഹിതമായ മെഷീനുകൾ സർവീസ് ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും (നോട്ടീസ് നമ്പർ-സി.3/752/2024,27.07.24), ലഭ്യമായ ക്വട്ടേഷനുകളിൽ 58150/-രൂപ ക്വാട്ട് ചെയ്തതായി രേഖപ്പെടുത്തിയ അറഫ മെറ്റൽ ഇൻഡസ്ട്രിയൽ, നരിക്കുനി എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകി ഫാരിസ് എന്നവർക്ക് മേൽ തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം ലഭ്യമാക്കിയ മറ്റ് ക്വട്ടേഷനുകൾ അഭയം മെറ്റൽ ഇന്ഡസ്ട്രിയൽ നരിക്കുനി, പാന്തർ ഫിറ്റ്നസ് സെന്റർ നരിക്കുനി എന്നീ സ്ഥാപനങ്ങളുടേതാണ്. ഇതിൽ പാന്തർ ഫിറ്റ്നസ് സെന്റർ എന്ന് രേഖപ്പെടുത്തിയ ലെറ്റർപാഡിൽ നൽകിയ ഫോൺ നമ്പറിൽ ബന്ധപ്പെട്ടപ്പോൾ ടിയാൾ അറഫ ഇന്ഡസ്ട്രിയൽ എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട വ്യക്തിയാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ക്വട്ടേഷനിൽ പങ്കെടുത്തതായി ലഭ്യമാക്കിയ 3 സ്ഥാപനങ്ങളുടെയും ലെറ്റർ പാഡിൽ ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളുടെ ആധികാരികത സംബന്ധിച്ചും ക്വട്ടേഷൻ നടപടിക്രമങ്ങളിലെ സുതാര്യത സംബന്ധിച്ചും വ്യക്തതയില്ല. ഇത്തരത്തിൽ ആധികാരികതയില്ലാത്ത സ്ഥാപനങ്ങളുടെ ക്വട്ടേഷൻ പരിഗണിച്ച് വർക്ക് ഓർഡർ നൽകി മെഷീനുകൾ സർവീസ് ചെയ്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.1/2024-25 തീയതി 14.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 1-9 സൗരോർജ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി- പൂർത്തീകരിച്ചില്ല

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 168/2024-25 | 28/2024-25 |
| പ്രൊജക്ട് | സൗരോർജ പ്ലാന്റ് സ്ഥാപിക്കൽ | സി.സി.ടി.വി യും സൗരോർജ പ്ലാന്റും സ്ഥാപിക്കൽ |
| അടങ്കൽ | 11,00,000/- (മെയിന്റനൻസ് റോഡിതരം) | 15,00,000/- (മെയിന്റനൻസ് റോഡിതരം) |
| ചെലവ് | 11,00,000/- | 14,63,500/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി തലക്കുളത്തൂർ | മെഡിക്കൽ ഓഫീസർ സി.എച്ച് സി നരിക്കുനി |

168/2024-25 പ്രൊജക്ട് പ്രകാരം തലക്കുളത്തൂർ സി.എച്ച്.സിയിൽ 20 കിലോവാട്ട് ഗ്രിഡ് ബന്ധിത സൗരോർജ നിലയം സ്ഥാപിക്കുന്നതിനും 28/2024-25 പ്രൊജക്ട് പ്രകാരം നരിക്കുനി സി.എച്ച്.സി യിൽ 15 കിലോവാട്ട് സൗരോർജ നിലയം സ്ഥാപിക്കുന്നതിനുമാണ് പദ്ധതി നപ്പിലാക്കിയിട്ടുള്ളത്. ഇതിനായി തലക്കുളത്തൂർ സി.എച്ച്.സിയിൽ നിന്നും ബിൽ നം.463/22.01.25 പ്രകാരം 30.01.2025 തീയതിയിൽ 11,00,000/- രൂപയും നരിക്കുനി സി.എച്ച് സിയിൽ നിന്നും ബിൽ നം.339/6.10.2024 പ്രകാരം 19.12.2024 തീയതിയിൽ 9,99,900/- രൂപയും സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് ANERT ൽ നിക്ഷേപിച്ചിട്ടുണ്ട്. 04.02.2025 ന് ഡോ.ബേബി പ്രീത, സി.എച്ച്.സി നരിക്കുനി എന്നിവരുമായും 11.02.25 ന് ഡോ.ഷീബ എം.എം, മെഡിക്കൽ ഓഫീസർ തലക്കുളത്തൂർ എന്നിവരുമായും ANERT എഗ്രിമെന്റ് വെച്ചിട്ടുള്ളതുമാണ്. എഗ്രിമെന്റ് പ്രകാരം ANERT ൽ തുക നിക്ഷേപിച്ച തീയതി മുതൽ 6 മാസത്തിനകം പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ മേൽ പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്തത് സംബന്ധിച്ചും ഇതിൽ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ചും പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.2/2024-25 തീയതി 14.10.2025) മറുപടി ലഭിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 20,99,900/-രൂപ (11,00,000+9,99,900) തടസ്സത്തിൽ വെക്കുന്നു.

## 1-10 ദൈനം ദിന ചെലവുകൾ പദ്ധതി- അപാകങ്ങൾ

| | |
|---|---|
| പദ്ധതി നം. | 17/2024-25 |
| പ്രൊജക്ട് | ദൈനം ദിന ചെലവുകൾ പദ്ധതി |
| അടങ്കൽ | 1000000/- (മെയിന്റനൻസ് റോഡിതരം) |
| ചെലവ് | 1000000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നരിക്കുനി |

ദൈനം ദിന ചെലവുകൾ പദ്ധതിയുടെ ഭാഗമായി 2024-25 ൽ സി.എച്ച്.സി. യിലേക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നും മെഡിസിൻ കവർ, എക്സ്-റെ ഫിലിം, ഒ.പി. ടിക്കറ്റ്, ലാബ് റിയേജന്റ് എന്നിവ വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മെറ്റീരിയൽ / സ്ഥാപനം | ബിൽ നം./ തീയതി | തുക | ഇൻവോയ്സ് നം./ തീയതി |
|---|---|---|---|---|
| 1 | ഒ.പി.ടിക്കറ്റ്, /സൂപ്പർ ഫോംസ്, നല്ലളം, കോഴിക്കോട് | 225/24.06.24 | 25800/- (12900+12900) | 24-25/ S-44,/13.05.24<br>24-25/ S-39/10.05.24 |
| 2 | ഒ.പി.ടിക്കറ്റ്, /സൂപ്പർ | 336/15.10.24 | 13500/- | 24-25/ |

| | | | | |
|---|---|---|---|---|
| | ഫോംസ്, നല്ലളം, കോഴിക്കോട് | | | S-155/01.10.24 |
| 3 | ഒ.പി.ടിക്കറ്റ്, /സൂപ്പർ ഫോംസ്, നല്ലളം, കോഴിക്കോട് | 335/16.10.24 | 13500/- | 24-25/ S-151/28.09.24 |
| 4 | ഒ.പി.ടിക്കറ്റ്, /സൂപ്പർ ഫോംസ്, നല്ലളം, കോഴിക്കോട് | 539/24.02.25 | 44346/- | 24-25/ S-291/05.02.25 |
| 5 | എക്സ്-റെ ഫിലിം,/ സ്റ്റാഡ് മെഡിക്കൽ, പെരുമാന്നൂർ, കോഴിക്കോട് | 271/24.07.24 | 23520/- (11760+11760) | 457/20.05.24 835/29.6.24 |
| 6 | എക്സ്-റെ ഫിലിം,/ സ്റ്റാഡ് മെഡിക്കൽ, പെരുമാന്നൂർ, കോഴിക്കോട് | 226/24.06.24 | 11760/- | 654/10.06.24 |
| 7 | എക്സ്-റെ ഫിലിം,/ സ്റ്റാഡ് മെഡിക്കൽ, പെരുമാന്നൂർ, കോഴിക്കോട് | 299/17.08.24 | 12701/- | 1048/20.07.24 |
| 8 | എക്സ്-റെ ഫിലിം,/ സ്റ്റാഡ് മെഡിക്കൽ, പെരുമാന്നൂർ, കോഴിക്കോട് | 325/23.09.24 | 12701/- | 1386/29.08.24 |
| 9 | എക്സ്-റെ ഫിലിം,/ സ്റ്റാഡ് മെഡിക്കൽ, പെരുമാന്നൂർ, കോഴിക്കോട് | 367/27.11.24 | 12701/- | 2083/08.11.24 |
| 10 | എക്സ്-റെ ഫിലിം,/ സ്റ്റാഡ് മെഡിക്കൽ, പെരുമാന്നൂർ, കോഴിക്കോട് | 355/07.11.24 | 12701/- | 1813/09.10.24 |
| 11 | എക്സ്-റെ ഫിലിം,/ സ്റ്റാഡ് മെഡിക്കൽ, പെരുമാന്നൂർ, കോഴിക്കോട് | 342/19.10.24 | 12701/- | 1626/24.09.24 |
| 12 | എക്സ്-റെ ഫിലിം,/ സ്റ്റാഡ് മെഡിക്കൽ, പെരുമാന്നൂർ, കോഴിക്കോട് | 397/16.12.24 | 12701/- | 2286/29.11.24 |
| 13 | എക്സ്-റെ ഫിലിം,/ സ്റ്റാഡ് മെഡിക്കൽ, പെരുമാന്നൂർ, കോഴിക്കോട് | 448/09.01.25 | 12700/- (6350+6350) | 2466/20.12.24 2544/30.12.24 |
| 14 | എക്സ്-റെ ഫിലിം,/ സ്റ്റാഡ് മെഡിക്കൽ, പെരുമാന്നൂർ, കോഴിക്കോട് | 468/28.01.25 | 12701/- | 2732/20.01.25 |
| 15 | എക്സ്-റെ ഫിലിം,/ സ്റ്റാഡ് മെഡിക്കൽ, പെരുമാന്നൂർ, കോഴിക്കോട് | 544/25.02.25 | 12701/- | 3124/18.02.25 |
| 16 | ഷെറിൻ എന്റർ പ്രൈസസ് പെരുമണ്ണ | 356/07.11.24 | 9790/- | 607/08.10.24 |

| | | | | |
|---|---|---|---|---|
| | , കോഴിക്കോട് | | | |
| 17 | ഷെറിൻ എന്റർ പ്രൈസസ് പെരുമണ്ണ , കോഴിക്കോട് | 296/17.08.24 | 9920/- | 583/28.07.24 |
| 18 | ഷെറിൻ എന്റർ പ്രൈസസ് പെരുമണ്ണ , കോഴിക്കോട് | 235/29.06.24 | 9920/- | 565/04.06.24 |
| 19 | ഷെറിൻ എന്റർ പ്രൈസസ് പെരുമണ്ണ , കോഴിക്കോട് | 297/17.08.24 | 7375/- | 589/06.08.24 |
| | ആകെ | | 283739 | |

ഇതുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചതിന്റെയോ സ്ഥാപനങ്ങളുമായി നിബന്ധനകൾ ഉൾപ്പെടുത്തിയ എഗ്രിമെന്റ് സംബന്ധിച്ചോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽ സ്ഥാപനങ്ങളെ വാങ്ങലിനായി തിരഞ്ഞെടുക്കാനുണ്ടായ കാരണം വ്യക്തമല്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.4/2024-25 തീയതി 14.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 2,83,739/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-11 സ്രോതസിൽ നിന്നും GST (TDS) ഈടാക്കിയില്ല

തലക്കുളത്തൂർ കമ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് നോൺ കോണ്ടാക്ട് ടോണോമീറ്റർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി നടത്തിയ വാങ്ങലുകളുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനം | പ്രൊജക്ട് നമ്പർ | വാങ്ങിയ സ്ഥാപനം | വാങ്ങിയ ഇനം | ചെലവഴിച്ച തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|---|---|
| തലക്കുളത്തൂർ കമ്യൂണിറ്റി ഹെൽത്ത് സെന്റർ | 174/25 | ബിസെയർ പവർ സൊല്യൂഷൻ, കാലിക്കറ്റ് | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | 267523 | 464/22.01.25, (മെയിന്റനൻസ്-റോഡിതരം) |

CGST ആക്ട് 2017 ലെ വകുപ്പ് 51 (1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ കൂടുതലാവുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ ബില്ലിൽ നിന്നും 1% ടി.ഡി.എസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017 ലെ വകുപ്പ് 51(1) ലും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ കൂടുതലാവുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ സാധനങ്ങൾ വാങ്ങിയപ്പോൾ മേൽ ചേർത്ത ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കാതെ മുഴുവൻ തുകയും സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. അപാകത്തിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.3/2024-25 തീയതി 14.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2024-25 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വിവിധ ഏജൻസികൾക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക/ ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ, തിയതി | തുക കൈമാറിയ സ്ഥാപനം/ ഏജൻസിയുടെ പേര് |
|---|---|---|---|---|
| 3 | 99/25, പകൽ വീട് നിർമാണം | 339895 (വികസന ഫണ്ട്) | 292/16.8.24-159236,293/ 16.8.24-180659 | ചേളന്നൂർ ഗ്രാമ പഞ്ചായത്ത് കൈമാറി |
| 5 | 142/25, പകൽ വീട് നിർമാണം | 999991 (വികസന | 285/12.8.24-340831,578/ | കാക്കൂർ ഗ്രാമ പഞ്ചായത്ത് കൈമാറി |

| | | | | |
|---|---|---|---|---|
| | | ഫണ്ട്) | 10.3.25-659160 | |
| 6 | 42/25, സോളാർ സംവിധാനം സജ്ജമാക്കൽ | 1378300 (മെയിന്റനൻസ് റോഡിതരം) | 408/18.12.24-1378300 | ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ സോളാർ പാനൽ സജ്ജമാക്കുന്നതിനായി അനർട്ട് ജില്ലാ ഓഫീസിലെ ജില്ലാ എഞ്ചിനീയർക്ക് തുക കൈമാറി എന്നാൽ വർക്ക് പൂർത്തീകരിച്ച വിവരം ലഭ്യമല്ല. |
| 9 | 55/25, അതിദാരിദ്ര്യ മൈക്രോ പ്ലാൻ ബ്ലോക്ക് വിഹിതം | 120000 (വികസന ഫണ്ട്) | 240/02.07.24-60000, 258/ 15.07.24-20000, 303/19.08.24-20000, 444/08.01.25-20000 | കാക്കൂർ, കക്കോടി ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറി |
| 11 | 104/25 , എഴുപതാം നമ്പർ അങ്കണവാടി നന്മണ്ട ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ | 497873 (വികസന ഫണ്ട്) | 310/24.08.24-416828, 396/13.12.24-81045 | നന്മണ്ട ഗ്രാമപഞ്ചായത്ത് |
| 12 | 138/25 അടുക്കൻ മല കുടിവെള്ള പദ്ധതി | 339327 (വികസന ഫണ്ട്) | 257/09.07.24-98344, 679/29.03.25-240983/- | കാക്കൂർ ഗ്രാമപഞ്ചായത്ത് |
| 13 | 140/25 കക്കോടി ശ്മശാനം തുക നൽകൽ | 307491 (വികസന ഫണ്ട്) | 451/09.01.25-307491/- | കക്കോടി ഗ്രാമപഞ്ചായത്ത് |
| 14 | 141/25 ബഡ്സ് സ്കൂൾ നിർമാണം കാക്കൂർ | 1000000 (വികസന ഫണ്ട്) | 525/20.02.25-1000000/- | കാക്കൂർ ഗ്രാമപഞ്ചായത്ത് |
| | ആകെ | 4982877 | | |

മേൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും തുകയുടെ വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.5/2024-25 തീയതി 14.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ തുക (4982877) തടസ്സപ്പെടുത്തുന്നു.

## 1-13 സി.എച്ച്.സി തലക്കുളത്തൂർ വൈദ്യുതി ബിൽ അടവാക്കിയതിലെ അപാകങ്ങൾ

തലക്കുളത്തൂർ കമ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ വൈദ്യുതി ബില്ലുകൾ പരിശോധിച്ചതിൽ ചില മാസങ്ങളിൽ കെ.എസ്.ഇ.ബി ബില്ലുകളിൽ ചില തുകകൾ കുടിശ്ശികയായി കാണിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ കാലയളവ് | കൺസ്യൂമർ നമ്പർ | ബിൽ തുക | കുടിശ്ശിക | ലേറ്റ് പെയ്മെന്റ് ഇന്ററസ്റ്റ്/ സർചാർജ് |
|---|---|---|---|---|
| 1-02-24 To 1-03-24 | 1166062020344 | 19479 | 272 | 175 |
| 1-02-24 To 1-03-24 | 1166062020399 | 6086 | 153 | 75 |
| 01-05-24 To 1-06-24 | 1166062020344 | 19967 | 38563 | 728 |
| 01-05-24 To 1-06-24 | 1166062020399 | 5703 | 12398 | 223 |

| | | | | |
|---|---|---|---|---|
| 01-06-24 To 1-07-24 | 1166062020399 | 6709 | 10616 | 186 |
| 01-07-24 To 1-08-24 | 1166062020399 | 5576 | 5099 | 132 |
| 01-07-24 To 1-08-24 | 1166062020344 | 15501 | 21212 | 532 |
| 01-08-24 To 2-09-24 | 1166062020399 | 6431 | 5231 | 130 |
| 01-08-24 To 2-09-24 | 1166062020344 | 18699 | 21744 | 478 |
| 02-09-24 To 1-10-24 | 1166062020344 | 19224 | 22222 | 877 |
| 01-10-24 To 1-11-24 | 1166062020399 | 7314 | 5614 | 119 |
| 01-10-24 To 1-11-24 | 1166062020344 | 21578 | 23099 | 435 |
| 01-11-24 To 2-12-24 | 1166062020399 | 8410 | 13047 | 0 |
| 01-11-24 To 2-12-24 | 1166062020344 | 21173 | 45112 | 0 |
| 02-12-24 To 1-1-25 | 1166062020399 | 8568 | 5733 | 195 |
| 02-12-24 To 1-1-25 | 1166062020344 | 22517 | 23534 | 175 |
| 01-1-25 To 1-2-25 | 1166062020344 | 21872 | 23709 | 448 |
| 01-1-25 To 1-2-25 | 1166062020399 | 8751 | 5928 | 110 |
| 01-2-25 To 1-3-25 | 1166062020344 | 20616 | 24157 | 370 |
| 01-2-25 To 1-3-25 | 1166062020399 | 7325 | 6038 | 100 |

കുടിശ്ശിക തുകയും ബിൽ വൈകി അടവാക്കിയതിന്റെ പിഴ പലിശ തുകയും കെ.എസ്.ഇ.ബി ഉൾപ്പെടുത്തിയിരിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിൽ ആണെന്ന് ബില്ലിൽ വ്യക്തമല്ല. കമ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ബന്ധപ്പെട്ട ജീവനക്കാർക്കും ഇക്കാര്യത്തിൽ അറിവില്ല. 2023-24 റിപ്പോർട്ടിലെ ഖണ്ഡിക 1-11 ലും ഇത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. കുടിശ്ശിക തുകയും ബിൽ വൈകി അടവാക്കിയതിന്റെ പിഴ പലിശ തുകയും വരാനുണ്ടായ സാഹചര്യം സംബന്ധിച്ചും ഇതിൽ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.6/2024-25 തീയതി 14.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 ഡ്രെയിനേജ് നിർമ്മാണത്തിലെ അപാകത-ബ്ലോക്ക് പഞ്ചായത്തിന് ചെലവിനത്തിൽ നഷ്ടം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 126/2025 |
| പ്രോജക്റ്റിന്റെ പേര്- | നരിക്കുനി സി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണം(SO) (Estt.No-60741/2023) |
| നിർവ്വഹണം- | അസി.എഞ്ചിനിയർ |
| വകയിരുത്തിയ തുക- | 2268000/-(റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവഴിച്ച തുക- | 1992921/- |
| ബിൽ റഫറൻസ് നം- | 347/01-11-2024 |

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം നരിക്കുനി സി.എച്ച്.സി ക്വാട്ടേഴ്സ് കോംപ്ലക്സിന്റെ കോംപൗണ്ട് വാൾ നിർമ്മാണവും ഡ്രൈനേജ് നിർമ്മാണവുമാണ്

നിർവ്വഹിച്ചിരിക്കുന്നത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ നിന്നും 14-10-2025 ന് നടത്തിയ സ്ഥല പരിശോധനയിൽ നിന്നും പദ്ധതി നിർവ്വഹണത്തിൽ ചുവടെ കൊടുത്ത അപാകതകൾ കാണുന്നു.

1) ചെയ്യാത്ത പ്രവൃത്തിയ്ക്ക് കരാറുകാരന് തുക നൽകി -പഞ്ചായത്തിന് ചെല വിനത്തിൽ നഷ്ടം

നരിക്കുനി സി.എച്ച്.സി ക്വാട്ടേഴ്സ് കോംപ്ലക്സിന്റെ കോംപൗണ്ട് വാൾ നിർമ്മാണത്തിനും ഡ്രൈനേജ് നിർമ്മാണത്തിനുമായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ഡ്രൈനേജിന്റെ ഒരു വശം ചുറ്റുമതിലും മറുവശം 'Random Rubble Masonry' ഡ്രെയിൻ വാൾ ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 'RR Masonry' പ്രവൃത്തിയ്ക്കായി എടുത്തിരിക്കുന്നത് DAR ലെ 7.2.1 എന്ന ഡാറ്റയാണ്. 'Price' സോഫ്റ്റ് വെയറിലെ ഈ ഡാറ്റ പ്രകാരം ഒരു ഘനമീറ്റർ പ്രവൃത്തി ചെയ്യുന്നതിന് 7968.73/- (GST ഒഴികെ) രൂപയാണ് നിരക്ക് . തറ നിരപ്പ് മുതൽ അഞ്ച് നില വരെ ഉയരത്തിലുമുള്ള RR Superstructureകളുടെ നിർമ്മിതിയ്ക്ക് വേണ്ടിയാണ് ഈ ഡാറ്റ ഉപയോഗിക്കേണ്ടത്. എന്നാൽ ഇവിടെ തറ നിരപ്പിലുള്ള ഡ്രൈനേജിനും കോംപൗണ്ട് വാളിന്റെ തറയ്ക്കും വേണ്ടിയാണ് 7.2.1 എന്ന ഡാറ്റ തെറ്റായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. DAR ലെ 7.2.1 എന്ന ഡാറ്റയ്ക്ക് പകരം DAR ലെ 7.1.1 എന്ന ഡാറ്റയാണ് ഇവിടെ ഉൾപ്പെടുത്തേണ്ടിയിരുന്നത്. 7.1.1 എന്ന ഡാറ്റയിൽ 'RR Masonry With Hard Stone In Foundation & Plinth' വരെ ചെയ്യുന്നതിനുള്ള ഡാറ്റയാണ് ഉൾപ്പെട്ടിരിക്കുന്നത്.

ഇപ്രകാരം ചെയ്യാത്ത ഇനത്തിന് കരാറുകാരന് അധികം നൽകിയ 122,823.763/- രൂപ നിരാകരിക്കുന്നു.

2) മരം മുറിച്ച് മാറ്റിയ പ്രവൃത്തി പൂർത്തീകരിക്കാതെ ബിൽ തുക നൽകി

എം.ബുക്ക് പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 60cm മുതൽ 120cm വരെ Girth ഉള്ള 2 മരങ്ങളും, 120cm മുതൽ 240cm വരെ Girth ഉള്ള 2 മരങ്ങളും മുറിച്ചുമാറ്റിയതായി രേഖപ്പെടുത്തുകയും ഇവ മുറിയ്ക്കുന്നതിന് GST ഉൾപ്പടെ 22,698.48/- (GST=3462.48/-) രൂപ ബിൽ പ്രകാരം കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുറിച്ച മരങ്ങൾ എന്ത് മരമാണ് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ മുറിച്ച മരങ്ങൾ എന്ത് ചെയ്തു എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. സ്ഥല പരിശോധനയിൽ മുറിച്ച മരങ്ങൾ സി.എച്ച്.സി ക്വാട്ടേഴ് കോംപൗണ്ടിൽ കണാൻ കഴിഞ്ഞിട്ടില്ല. എസ്റ്റിമേറ്റിൽ മരം മുറിക്കുന്നതിനായി എടുത്തിരിക്കുന്ന DAR ലെ ഡാറ്റ 2.33.2 ൽ മരം മുറിച്ച് ശിഖിരങ്ങളും വേരും അടക്കം കട്ട് ചെയ്ത് സ്റ്റാക്ക് ചെയ്യുന്നതിനുള്ള ചെലവ് ഉൾപ്പെടുന്നുണ്ട്. എന്നാൽ വലിയ രണ്ട് മരങ്ങൾ (120cm മുതൽ 240cm വരെ Girth ഉള്ളവ) തറ നിരപ്പിൽ നിന്നും ഒരടിയിലധികം ഉയരത്തിൽ വച്ച് മുറിച്ചതായും അടി ഭാഗം പിഴുതു മാറ്റാതെയുമാണ് ഉള്ളത് എന്നും സ്ഥല പരിശോധനയിൽ കാണാൻ കഴിഞ്ഞു.

മുറിച്ച മരങ്ങൾ പിഴുത് മാറ്റാത്തത് സംബന്ധിച്ച് വിശദീകരണം നൽകിയിട്ടില്ല. മരങ്ങൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കേണ്ടതും മരങ്ങളുടെ പിഴുത് മാറ്റാത്ത അടി ഭാഗം പിഴുതുമാറ്റി വിശദ വിവരം അറിയിക്കേണ്ടതുമാണ്. ചെലവ് തുക 22,698.48/- രൂപ തടസ്സപ്പെടുത്തുന്നു.

3) ആവശ്യകതയില്ലാതെ ഡ്രെയിൻ വാളിന് RCC ബെൽറ്റ് പ്രവൃത്തി നിർവ്വഹിച്ചു .

പദ്ധതി പ്രകാരം നിർമ്മിച്ച ഡ്രൈനേജിന്റെ ചുറ്റു മതിലിന് എതിർ വശമുള്ള ഭാഗത്ത് ഗ്രൗണ്ട് ലെവലിൽ Random Rubble Masonry യിൽ ചെയ്ത Drain Wall ന് മുകളിൽ 15 സെന്റീമീറ്റർ കനത്തിൽ Reinforced Concrete പ്രവൃത്തി ചെയ്തിട്ടുണ്ട്. ക്വാട്ടേഴ്സ് കോംപ്ലക്സിന്റെ പുറക് വശത്തായി ചുറ്റുമതിലിനോട് ചേർന്ന് ഗ്രൗണ്ട് ലെവലിൽ നിർമ്മിച്ച ഈ ഡ്രെയിനേജ് വാളിന് മുകളിലൂടെ മറ്റ് റോഡ് വരാനോ മറ്റ് നിർമ്മിതികൾ വരാനോ ഉള്ള സൗകര്യം ഇല്ലാത്തതാണ്. ഈ സാഹചര്യത്തിൽ ഡ്രെയിനേജ് വാളിന് മുകളിലായി 15 സെന്റീമീറ്റർ കനത്തിൽ Reinforsed Concrete ചെയ്തത് പാഴ് ചെലവാണ്. ഈ ഡ്രൈനേജിന് മുകളിൽ സ്ലാബ് ഇടുന്ന പ്രവൃത്തിയും നിർവ്വഹിച്ചിട്ടില്ല. ഗ്രൗണ്ട് ലെവലിലുള്ള ഡ്രെയിനേജിന് മുകളിൽ സംരക്ഷണത്തിനായി 10 സെന്റീ മീറ്ററിൽ PCC Belt നൽകിയാൽ മതി എന്നിരിക്കെ 15 സെന്റീമീറ്ററിൽ RCC ബെൽറ്റ് നൽകിയത് മൂലം പഞ്ചായത്തിന് ചെലവിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

ഗ്രൗണ്ട് ലെവലിൽ നിന്നും രണ്ട് അടിയിൽ കുറവ് മാത്രം ആഴമുള്ള ഈ ഡ്രെയിനേജിന് സ്ലാബ് ഇടുന്നുണ്ടെങ്കിൽ കൂടി Rcc Belt ന്റെ ആവശ്യകത ഇല്ലാത്തതാണ്. ആയതിനാൽ മേൽ ചെലവ് തുക 20,281/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

മേൽ പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കുകയും മെഷർമെന്റ് രേഖപ്പെടുത്തുകയും ചെക്ക് മെഷർ രേഖപ്പെടുത്തുകയും

ചെയ്ത അസി.എഞ്ചിനിയർ, അസി.എക്സി.എഞ്ചിനിയർ എന്നിവർ മേൽ പരാമർശിച്ച 143,104.76/- (122823.763+20281) രൂപ നിരാകരണത്തിന് ഉത്തരവാദികളാണ്. ഖണ്ഡിക (1),(3) എന്നിവ പ്രകാരമുള്ള ഈ നഷ്ടത്തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. ഖണ്ഡിക 2 ൽ ഓഡിറ്റ് ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 22698.48/- രൂപ തടസ്സപ്പെടുത്തുന്നു. വിശദ വിവരം ഖണ്ഡിക 3-1 ൽ പരാമർശിച്ചിട്ടുണ്ട്.





## 1-15 ഫുട്പാത്ത് നിർമ്മാണത്തിന് കോൺക്രീറ്റ് റോഡിന്റെ ഇനം നൽകുന്നു

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

1) പ്രൊജക്ട് നം-125/25
(മുന്നൂർക്ക കോളനി സമഗ്ര വികസനം പൂർത്തീകരണം) (EsttNo-12790/2024)

2) പ്രൊജക്ട് നം.128/25
(നമ്മണ്ട പട്ടിക ജാതി കോളനി സമഗ്ര വികസനം) (Estt.No-45068/2023)

3) പ്രൊജക്ട് നം.136/25
(കാക്കൂർ പട്ടികജാതി കോളനി സമഗ്ര വികസനം) (Estt.No-45069/2023)

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതികൾ പ്രകാരം കോളനികളിൽ ഫുട്പാത്തുകൾ നിർമ്മിച്ചിട്ടുണ്ട്. ഫുട്പാത്തുകൾക്ക് എസ്റ്റിമേറ്റിൽ എടുത്തിരിക്കുന്നത് Mord ലെ 75.8.1 എന്ന ഡാറ്റയാണ്. ഗ്രാമീണ റോഡുകളുടെ കോൺക്രീറ്റിനായി പ്രൈസ് സോഫ്റ്റ്‌വെയറിൽ ഒബ്സേർവ്ഡ് ഡാറ്റയായി ചീഫ് എഞ്ചിനീയർ ഉൾപ്പെടുത്തിയ ഇനമാണ് 75.8.1. റോഡിലെ വലിയ വാഹനങ്ങളുടെ ഭാരം താങ്ങാവുന്ന വിധത്തിൽ റോഡ് നിർമ്മിക്കുന്നതിനുള്ള ഈയിനം 2 മീറ്ററിൽ താഴെ വീതിയുള്ള ഫുട്പാത്ത് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നതായി കാണുന്നു. റോഡിലെ വലിയ വാഹനങ്ങളുടെ ഭാരം താങ്ങാവുന്ന വിധത്തിൽ നിർമ്മിക്കുന്നതിനുള്ള ഈ ഇനം, സ്റ്റെപ്പുകളടക്കം ഉള്ള ഫുട്പാത്ത് നിർമ്മാണത്തിന് എടുത്തിരിക്കുന്നതിനുള്ള സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കോളനികളിൽ മൂന്ന് മീറ്റർ വരെ വീതിയുള്ള റോഡുകളും നിർമ്മിക്കാനുണ്ടായിരുന്നു എന്നും ഒരു എസ്റ്റിമേറ്റിൽ വിവിധ സ്പെസിഫിക്കേഷൻ ഉപയോഗിക്കരുത് എന്ന് നിർദ്ദേശമുള്ളതിനാലുമാണ് 75.8.1 എന്ന ഡാറ്റ മാത്രം ഉപയോഗിച്ചിരിക്കുന്നത് എന്നുമാണ് പറയുന്നത്. എന്നാൽ എസ്റ്റിമേറ്റ്, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ വലിയ തുക ചെലവഴിച്ചിരിക്കുന്നത് ഫുട്പാത്ത് നിർമ്മിക്കാൻ വേണ്ടിയാണ് എന്ന് കാണുന്നു. പദ്ധതികളുടെ ഭാഗമായി മൂന്ന് മീറ്റർ വരെയുള്ള റോഡ് നിർമ്മിച്ചിരിക്കുന്നത് നാമമാത്രമായ നീളത്തിൽ മാത്രമാണ്. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല(നം.14/2024-25 തീയതി 14.10.2025). അപാകങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി ചെലവ് ശതമാനം കുറഞ്ഞു-പദ്ധതിയ്ക്ക് വകയിരുത്തിയ തുക നഷ്ടപ്പെട്ടു

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥയായി 2024-25 വർഷം ആകെ 43 പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിൽ 28 പദ്ധതികൾ പുതുതായി രൂപീകരിച്ചവയും 15 പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളുമാണ്. പദ്ധതി നിർവഹണം പരിശോധിച്ചതിൽ പുതുതായി ആവിഷ്കരിച്ച 12 പദ്ധതികളിൽ ചെലവ് വന്നിട്ടില്ല. പദ്ധതികളുടെ ആകെ ചെലവ് 52.19% മാത്രമാണ്. വിശദ വിവരം ചുവട കൊടുക്കുന്നു.

| ആകെ വകയിരുത്തിയ തുക | ആകെ ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|
| 42,411,794 | 22,134,446 | 52.19% |

ഫണ്ട് പ്രകാരമുള്ള ചെലവ് വിവരം

| ഫണ്ട് | ആകെ വകയിരുത്തിയ തുക | ആകെ ചെലവഴിച്ച തുക | ചെലവ് ശതമാനം | നഷ്ടപ്പെട്ട തുക |
|---|---|---|---|---|
| വികസന ഫണ്ട് (Gnl) | 4,007,794 | 2,288,351 | 57.09% | 1,719,443 |
| SCP | 10,546,728 | 4,879,361 | 46.26% | 5,667,367 |
| TSP | 901,669 | 228,259 | 25.31% | 673,410 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12,955,423 | 9,980,046 | 77.03% | - |
| തനത് ഫണ്ട് | 940,180 | 215,920 | 22.96% | - |
| MG(Non Road) | 10,943,000 | 4,542,509 | 41.51% | 6,400,491 |
| | ആകെ നഷ്ടപ്പെട്ട തുക | | | 14,460,711 |

സമയബന്ധിതമായി പദ്ധതിയ്ക്ക് വകയിരുത്തിയ തുക ചെലവഴിക്കാത്തതിനാൽ 2024-25 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികളിൽ മാത്രം 1,44,60,711/-രൂപ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെട്ടു. അതായത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതികൾക്കായി ആകെ വകയിരുത്തിയതിൽ 34.09% തുകയും നഷ്ടപ്പെട്ടു.

പദ്ധതി പൂർത്തീകരണ കാലാവധി കണക്കാക്കുന്നതിലെ അപാകം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ എല്ലാ പദ്ധതികൾക്കും ടെക്നിക്കൽ സാങ്ഷൻ നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരണ കാലാവധിയായി നൽകിയിരിക്കുന്നത് ഒരു വർഷമാണ്. പദ്ധതികളുടെ വ്യത്യസ്ത സാഹചര്യങ്ങളോ പ്രത്യേകതയോ പരിഗണിക്കാതെയാണ് ചെറിയ തുകയ്ക്കുള്ള പദ്ധതികൾ ഉൾപ്പടെ എല്ലാ പദ്ധതികൾക്കും ഒരു വർഷം പൂർത്തീകരണ കാലാവധി ടി.എസ്സ് ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയിരിക്കുന്നത്. ഇപ്രകാരം കണക്കാക്കിയതിന്റെ കാരണവും മാനദണ്ഡവും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടില്ല. പദ്ധതി ആസൂത്രണവും അംഗീകാരവും ലഭ്യമായി പദ്ധതികൾ ടെണ്ടർ ചെയ്ത് കരാറുകാരുമായി കരാറിൽ ഏർപ്പെടുമ്പോഴേക്കും സാമ്പത്തിക വർഷം പകുതി കഴിയും. ഇപ്രകാരം ഒരു വർഷം പൂർത്തീകരണ കാലാവധി നൽകിയ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി അവസാനിക്കുന്നത് തൊട്ടടുത്ത സാമ്പത്തിക വർഷമായിരിക്കും. ഇതിനാൽ കരാറിൽ ഏർപ്പെട്ട സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് തന്നെ കരാറുകാരന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായി വരുന്നില്ല എന്ന് മാത്രമല്ല പദ്ധതി സ്പിൽ ഓവറായി തുക നഷ്ടപ്പെട്ടാലും കരാറുകാരനോട് വിശദീകരണം ചോദിക്കുവാനോ പിഴ ഈടാക്കുവാനോ ബ്ലോക്ക് പഞ്ചായത്തിന് കഴിയുകയുമില്ല. ഇത് പദ്ധതികൾ സ്പിൽ ഓവർ ആവുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാവേണ്ടിയിരുന്ന പദ്ധതി തുക നഷ്ടപ്പെടുനനതിന് വലിയ തോതിൽ കാരണമാവുകയും ചെയ്തിട്ടുണ്ട്.

അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 12/25 തീയതി 14-10-25) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികളുടെ പൂർത്തീകരണ കാലാവധി കണക്കാക്കുന്നതിലെ അപാകം

പരിശോധിക്കപ്പെടേണ്ടതും ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്ന വിധം സാമ്പത്തിക വർഷാവസാനിക്കുന്നതിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. ഭരണ സമിതിയും സ്റ്റാന്റിംഗ് കമ്മറ്റിയും ഇതിൽ കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 1-17 2.5 ലക്ഷം രൂപക്ക് മുകളിൽ വരുന്ന പർച്ചേസുകൾക്ക് ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ: സി.ഡി.പി.ഒ

പ്രൊജക്ട് നമ്പർ : 148/25 (SO)

പ്രൊജക്ട് : വനിത ഫിറ്റ്നെസ്സ് സെന്റർ

അടങ്കൽ തുക : 1,800,000/-രൂപ (വികസന ഫണ്ട്)

ചെലവു തുക : 1,267,701/-രൂപ

കാക്കൂർ,നന്മണ്ട എന്നീ പഞ്ചായത്തുകളിലെ വനിത ഫിറ്റ്നെസ്സ് സെന്ററിലേക്ക് EWOLVES Sports & Fitness എന്ന സ്ഥാപനത്തിൽ നിന്നും 823,000/-രൂപയ്ക്ക് ജിം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 2.5 ലക്ഷം രൂപക്ക് മുകളിൽ വരുന്ന പർച്ചേസുകൾക്ക് ജി.എസ്.ടി, ടി.ഡി.എസ് ആയി ഈടാക്കേണ്ടതാണ്. എന്നാൽ ഇവിടെ നിർവഹണ ഉദ്യോഗസ്ഥ ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയിയതായി കാണുന്നില്ല. 2.5 ലക്ഷം രൂപക്ക് മുകളിൽ വരുന്ന പർച്ചേസുകൾക്ക് ഈടാക്കേണ്ട ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.9/2024-25 തീയതി 14.10.2025) മറുപടി നൽകിയിട്ടില്ല. വനിത ഫിറ്റ്നെസ് സെന്ററുകളിലേക്ക് ജിം ഉപകരണങ്ങൾ വാങ്ങിയതിന് EWOLVES Sports & Fitness എന്ന സ്ഥാപനത്തിന് 823,000/-രൂപ നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ റഫറൻസ് നം.തുക | സ്ഥാപനത്തിന് നൽകിയ തുക | ജി എസ് ടി ഒഴികെനൽകിയ തുക | ജി എസ് ടി ഒഴികെനൽകിയ തുകയിൽ നിന്നും ഈടാക്കേണ്ട തുക(2%) |
|---|---|---|---|
| 1343000/21-02-2025, 1,029,010/- | 823,000/- | 697,456/- | 13,949/- |

ജി എസ് ടി, ടി.ഡി.എസ് ആയി 13,949/-രൂപ EWOLVES Sports & Fitness എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതായിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. അപാകത്തിന് വിശദീകരണം നൽകേണ്ടതാണ്. വനിത ഫിറ്റ്നെസ് സെന്ററുകളിലേക്ക് ജിം ഉപകരണങ്ങൾ വാങ്ങിയതിന് EWOLVES Sports & Fitness എന്ന സ്ഥാപനത്തിന് 823,000/-രൂപ നൽകിയതിനു മേൽ സ്ഥാപനം ജി.എസ്.ടി നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

## 1-18 പഠനമുറി : അഡ്വാൻസ് കൈപ്പറ്റി നാളിതുവരേയായിട്ടും പണി ആരംഭിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ: എസ്.സി.ഡി.ഒ

പ്രൊജക്ട് നമ്പർ : 59/25
പ്രൊജക്ട് : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
വകയിരുത്തിയ തുക : 22,48,274/- (വികസന ഫണ്ട് എസ്.സി.പി)
ചെലവ് തുക : 17,70,000/-

ബിൽ റഫറൻസ് നം. : 1075025/21-12-2024

തുക : 330,000/-രൂപ

പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി എന്ന പ്രൊജക്ടിന്റെ ഭാഗമായി മേൽ ബിൽ പ്രകാരം മാറിയ

തുകയിൽ നിന്നും ഭാസ്കരൻ, മാരാത്ത് കോളനി, തലക്കുളത്തൂർ എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് 30,000/-രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരേയായിട്ടും പ്രസ്തുത ഗുണഭോക്താവ് പണി ആരംഭിച്ച് രണ്ടാം ഗഡു വാങ്ങുകയുണ്ടായിട്ടില്ല. ഗുണഭോക്താവ് പഠനമുറിയുടെ പണി പൂർത്തിയാക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (8/2024-25 തീയതി 14.10.2025) മറുപടി നൽകിയിട്ടില്ല. ഗുണഭോക്താവ് പണി ആരംഭിച്ചോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ചെലവ് തുകയായ 30,000/-രൂപ തടസ്സപ്പെടുത്തുന്നു. പണി ആരംഭിക്കാത്ത പക്ഷം അഡ്വാൻസ് തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-19 പഠനമുറി : വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ: എസ്.സി.ഡി.ഒ

പ്രൊജക്ട് : പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി

പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി എന്ന പ്രൊജക്ടിന്റെ ഭാഗമായി 2022-23, 2023-24 വർഷങ്ങളിലെ പല ഗുണഭോക്താക്കളും നാളിതുവരേയായിട്ടും പഠനമുറിയുടെ പണി പൂർത്തീകരിച്ച് അവസാന ഗഡു വാങ്ങുകയുണ്ടായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | 2022-23 |
|---|---|
| 1 | അക്ഷയ.എ D/O അയ്യപ്പൻ |
| 2 | ശ്രീദിയ ശബരീഷ് D/Oജിഷ |
| 3 | ബാലകൃഷ്ണ രാജീവ് S/O രാജീവ് |
| 4 | രാജീൻ.കെ.പി S/O മനോജിനി |
| | 2023-24 |
| 1 | അൽന.എ.ബി D/O അനിൽകുമാർ.കെ.ടി |
| 2 | അഖിൽ കൃഷ്ണ S/O ജയേഷ്.ബി.എസ് |

മേൽ കാണിച്ച ഗുണഭോക്താക്കൾ നാളിതുവരേയായിട്ടും പഠന മുറിയുടെ പണി പൂർത്തീകരിച്ച് അവസാന ഗഡു വാങ്ങാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഗുണഭോക്താക്കൾ പഠനമുറിയുടെ പണി പൂർത്തീകരിക്കാൻ വേണ്ടി പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.7/2024-25 തീയതി 14.10.2025) മറുപടി നൽകിയിട്ടില്ല. വർഷങ്ങൾ കഴിഞ്ഞിട്ടും പഠന മുറിയുടെ പണി പൂർത്തീകരിക്കാത്തതിനാൽ, വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഗുണഭോക്താക്കൾക്ക് ഒരു മുറി സ്വന്തമായി ഉപയോഗിക്കാൻ വേണ്ടി ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയാതെ പോവുന്നു. ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

പഞ്ചായത്തുകളെ സ്വയംഭരണ സ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനായി നിയമം വഴി ആവശ്യമായ അധികാരങ്ങളും അധികാരശക്തിയും നൽകുന്നതിന് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243(ജി) യിൽ നിർദ്ദേശിക്കുകയും അതു പ്രകാരം സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ മണ്ഡലങ്ങൾക്ക് പഞ്ചായത്തുകളെ ഏൽപ്പിക്കാവുന്ന പദ്ധതികൾ ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ വിവരിക്കുകയും ചെയ്തിട്ടുള്ളതാണ്. പതിനൊന്നാം പട്ടികയിലെ ക്രമ നം. 23 പ്രകാരം സംസ്ഥാനങ്ങൾ ആശുപത്രികളും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, ഡിസ്പെൻസറികളും ഉൾപ്പെടുന്ന ആരോഗ്യ-ശുചിത്വമേഖലയുടെ ചുമതല പഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം കേരള സർക്കാർ മേൽപ്പറഞ്ഞ ചുമതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം എല്ലാതരം ചികിൽസാ സമ്പ്രദായങ്ങളിലുംപെടുന്ന ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും നടത്തുക എന്നുള്ളത് (മൂന്നാം പട്ടികയിലെ ക്രമ.നം. സി.XII.1) ഗ്രാമപഞ്ചായത്തുകളുടെയും, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക എന്നുള്ളത് (നാലാം പട്ടികയിലെ ക്രമ നം. ബി.X) ബ്ലോക്ക് പഞ്ചായത്തുകളുടെയും, ജില്ലാ ആശുപത്രികൾ നിയന്ത്രിക്കുക എന്നുള്ളത് (അഞ്ചാം പട്ടികയിലെ ക്രമ നം. ബി.Xi.1) ജില്ലാ

പഞ്ചായത്തിന്റെയും ചുമതലയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമികാരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ചു വർഷ കാലയളവിലേക്കായി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2968.28 കോടി രൂപയാണ് ഗ്രാന്റായി അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ നൽകുന്നതിനും ലക്ഷ്യമിട്ട് നവകേരളം കർമ്മപരിപാടിയുടെ ഭാഗമായി ആർദ്രം മിഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. ധനകാര്യ കമ്മീഷൻ അവാർഡ് വഴി ലഭിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിനായി ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരള സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ വിവിധ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

| ക്രമ നം | ഉത്തരവ്/സർക്കുലർ |
|---|---|
| 1 | സ.ഉ (സാധാ) നം. 2132/2022/ത.സ്വ.ഭ.വ തീയതി 31.08.2022 |
| 2 | സ.ഉ (സാധാ) നം. 2156/2022/ത.സ്വ.ഭ.വ തീയതി 01.09.2022 |
| 3 | സ.ഉ (സാധാ) നം. 3157/2022/ത.സ്വ.ഭ.വ തീയതി 21.12.2022 |
| 4 | സർക്കുലർ നം. എഫ്.എം3/138/2023/ ത.സ്വ.ഭ.വ തീയതി 23.05.2023 |
| 5 | സ.ഉ (സാധാ) നം. 1625/2023/ത.സ്വ.ഭ.വ തീയതി 09.08.2023 |

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം ആറ് സ്കീമുകൾക്കായാണ് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അവയിൽ സ്കീം 1,2,3,4 എന്നിവ പഞ്ചായത്തുകൾക്കും സ്കീം 5, 6 എന്നിവ നഗരഭരണ സ്ഥാപനങ്ങൾക്കും ബാധകമായവയാണ്. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട സ്കീമുകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| സ്കീം | വിശദാംശം |
|---|---|
| 1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്ര ങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം |
| 2 | ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം |
| 3 | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| 4 | ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |

മേൽപ്പറഞ്ഞവയിൽ സ്കീം 2 പ്രകാരമുള്ള ഗ്രാന്റുകളാണ് ബ്ലോക്ക്പഞ്ചായത്തുകൾക്ക് ലഭിക്കുന്നത്. ബ്ലോക്ക്പഞ്ചായത്തുകൾക്ക് ഗ്രാന്റ് ലഭിക്കുന്ന അഞ്ചു വർഷ കാലാവധിയിലെ നാലു വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ ചേലന്നൂർ ബ്ലോക്ക്പഞ്ചായത്തിന് ലഭിച്ച ആരോഗ്യമേഖലാ ഗ്രാന്റിനെയും, ആയതിന്റെ വിനിയോഗത്തിനെയും, ഫലപ്രാപ്തിയെയും സംബന്ധിച്ച കാര്യങ്ങൾ ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. ഇതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് വരവും വിനിയോഗവും

ചേലന്നൂർ ബ്ലോക്ക്പഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ ലഭ്യമായ ആരോഗ്യ മേഖലാ ഗ്രാന്റിനെയും ആയതിന്റെ വിനിയോഗത്തെയും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| സ്കീം | ലഭിച്ച തുക | | | | | ചെലവഴിച്ച ആകെ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ | | |
| 2 | 2550000 | 0 | 2895000 | 0 | 5445000 | 3002247 | 2442753 |
| ആകെ | 2550000 | 0 | 2895000 | 0 | 5445000 | 3002247 | 2442753 |

ബ്ലോക്ക്പഞ്ചായത്തിന് വിവിധ സ്കീമുകളിലായി നാളിതുവരെ ലഭിച്ച ആരോഗ്യമേഖലാ ഗ്രാന്റിന്റെ ചെലവ് ശതമാനത്തെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| സ്കീം | 31.03.2025 വരെ ലഭിച്ച ആകെ തുക | 31.03.2025 വരെ ചെലവഴിച്ച ആകെ തുക | ചെലവ് ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| 2 | 5445000 | 3002247 | 55.13% |

സ്കീം 2 പ്രകാരം ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം ഇനത്തിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ബ്ലോക്ക്പഞ്ചായത്തിന് 31.03.2025 വരെ ലഭിച്ച ആകെ ഗ്രാന്റിന്റെ പകുതിയോളം തുക (55.13%) മാത്രമേ നാളിതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

2. ബാങ്ക് അക്കൗണ്ടുകൾ

ആരോഗ്യമേഖലാ ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനായി ചേളന്നൂർ ബ്ലോക്ക്പഞ്ചായത്ത് ചേളന്നൂർ ശാഖയിൽ കാനറാ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പലിശ ഇനത്തിൽ ലഭ്യമായ തുക ഉൾപ്പെടെ 32,93,619/-രൂപ 31.03.2025ന് പ്രസ്തുത ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. നീക്കിയിരിപ്പ് തുക ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുമായി (ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ) പൊരുത്തപ്പെടുന്നുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| സ്കീം | അക്കൗണ്ട് നം. | 31.03.2025 ലെ നീക്കിയിരിപ്പ് |
|---|---|---|
| 2 | 110028083843 | 3293619<br>(നാളിതു വരെ ലഭിച്ച പലിശ ഉൾപ്പെടെ) |

3. പദ്ധതികൾ

ആരോഗ്യമേഖല ഗ്രാന്റ് വകയിരുത്തി സ്കീം 2 ൽ ചേളന്നൂർ ബ്ലോക്ക്പഞ്ചായത്തിൽ ആസൂത്രണം ചെയ്തതും നടപ്പാക്കിയതുമായ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

സ്കീം 2-ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

| ക്രമ നം | വർഷം | പ്രൊജക്ട് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 2021-22 | 116/2021-22 ആരോഗ്യ പ്രവർത്തനത്തിനായി ഉപകരണങ്ങൾ റിയേജന്റ് വാങ്ങൽ | 750000 | 750000 |
| 2 | 2024-25 | 164/24-25 ലബോറട്ടറിയിലേക്കുള്ള റിയേജന്റുകൾ വാങ്ങൽ | 251324 | 251317 |
| | | ആകെ | 1001317 | |

4. വിശകലനവും നിർദ്ദേശങ്ങളും

ആരോഗ്യമേഖല ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ചത് പ്രകാരമുള്ള നിർവഹണ ഉദ്യോഗസ്ഥൻ തന്നെയാണ് പ്രൊജക്ടുകൾ നടപ്പാക്കി വരുന്നത്. ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം പ്രകാരമുള്ള പദ്ധതി അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി, മെഡിക്കൽ ഓഫീസർ എന്നിവരാണ് നിർവഹിക്കുന്നത്.

സ്കീം-2 പ്രകാരം പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം ഏർപ്പെടുത്തുന്നതിനായി ആകെ പ്രൊജക്ടുകളാണ് ബ്ലോക്ക്പഞ്ചായത്ത് ഇതുവരെ ആവിഷ്കരിച്ചിട്ടുള്ളത്. ഇതിൽ പലതും തൻവർഷം പൂർത്തീകരിക്കപ്പെടാതെ സ്പിൽ ഓവർ ആയിട്ടുണ്ട്.

ബ്ലോക്ക്പഞ്ചായത്തിന് 31.03.2025 വരെ ലഭിച്ച ആകെ ഗ്രാന്റിന്റെ പകുതിയോളം (55.13%) തുക മാത്രമേ നാളിതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമണ്.

സാമ്പത്തിക വർഷാവസാനത്തിൽ മാത്രമാണ് ഓരോ വർഷത്തെയും ഗ്രാന്റുകൾ ബ്ലോക്ക്പഞ്ചായത്തിന് ലഭ്യമാകുന്നത് എന്നതിനാൽ പദ്ധതികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിലേക്ക് നീണ്ടുപോകുന്ന സാഹചര്യമുണ്ട്. യഥാസമയം ഗ്രാന്റ് ലഭ്യമാവുന്ന പക്ഷം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ

സാധിക്കുന്നതാണ്. സ്കീം 2 പ്രകാരം ഓരോ തദ്ദേശസ്ഥാപനത്തിലെയും പൊതുജനാരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രാദേശിക സാഹചര്യമനുസരിച്ചുള്ള നവീന പദ്ധതികൾ നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാവുന്നത് ഗ്രാന്റ് വിനിയോഗം ഫലപ്രദമാകുന്നതിന് സഹായകരമായിക്കും.

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ലഭിച്ച ഗ്രാന്റ് സമയബന്ധിതമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാൽ ഗ്രാന്റ് തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക്പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലയിലെ വർക്കിങ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ നേരിൽ സന്ദർശിച്ച് സൗകര്യങ്ങളും ആവശ്യകതകളും വിലയിരുത്തി ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ഫലപ്രദമായ പ്രൊജക്റ്റുകൾക്ക് രൂപം നൽകുന്നതിന് അത്തരം നിർദ്ദേശങ്ങൾ സഹായകമാകുന്നതാണ്. പ്രൊജക്റ്റുകൾക്ക് അന്തിമ രൂപം നൽകുന്നതിലും, രൂപീകരിക്കുന്ന പ്രൊജക്റ്റുകളുടെ നിർവഹണ നടപടികൾ നിരീക്ഷിക്കുന്നതിലും, ഫലപ്രാപ്തിയിലെത്തിക്കുന്നതിലും ആരോഗ്യമേഖലാ വർക്കിങ് ഗ്രൂപ്പിന്റെയും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും സജീവമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഡ്രെയിനേജ് നിർമ്മാണത്തിലെ അപാകം-ബ്ലോക്ക് പഞ്ചായത്തിന് ചെലവിനത്തിൽ നഷ്ടം

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 126/2025 |
| പ്രൊജക്റ്റിന്റെ പേര്- | നരിക്കുനി സി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണം (SO) (Estt.No-60741/2023) |
| നിർവഹണം- | അസിസ്റ്റന്റ് എഞ്ചിനിയർ |
| വകയിരുത്തിയ തുക- | 2,268,000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവഴിച്ച തുക- | 1,992,921/- |
| ബിൽ റഫറൻസ് നം- | 347/01-11-2024 |

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം നരിക്കുനി സി.എച്ച്.സി ക്വാർട്ടേഴ്സ് കോംപ്ലക്സിന്റെ കോമ്പൗണ്ട് വാൾ നിർമ്മാണവും ഡ്രെയിനേജ് നർമ്മാണവുമാണ് നിർവഹിച്ചിരിക്കുന്നത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ നിന്നും 14-10-2025 ന് നടത്തിയ സ്ഥല പരിശോധനയിൽ നിന്നും പദ്ധതി നിർവഹണത്തിൽ ചുവടെ കൊടുത്ത അപാകങ്ങൾ കാണുന്നു.

1) ചെയ്യാത്ത പ്രവൃത്തിയ്ക്ക് കരാറുകാരന് തുക നൽകി-പഞ്ചായത്തിന് ചെലവിനത്തിൽ നഷ്ടം

നരിക്കുനി സി.എച്ച്.സി ക്വാർട്ടേഴ്സ് കോംപ്ലക്സിന്റെ കോമ്പൗണ്ട് വാൾ നിർമ്മാണത്തിനും ഡ്രെയിനേജ് നിർമ്മാണത്തിനുമായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ഡ്രെയിനേജിന്റെ ഒരു വശം ചുറ്റുമതിലും മറുവശം 'Random Rubble Masonry' ഡ്രെയിൻ വാൾ ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 'RR Masonry' പ്രവൃത്തിയ്ക്കായി എടുത്തിരിക്കുന്നത് DAR ലെ 7.2.1 എന്ന ഡാറ്റയാണ്. 'Price' സോഫ്റ്റ്‌വെയറിലെ ഈ ഡാറ്റ പ്രകാരം ഒരു ഘനമീറ്റർ പ്രവൃത്തി ചെയ്യുന്നതിന് 7968.73/- (GST ഒഴികെ) രൂപയാണ് നിരക്ക്. തറ നിരപ്പ് മുതൽ അഞ്ച് നില വരെ ഉയരത്തിലുമുള്ള RR Superstructure കളുടെ നിർമ്മിതിയ്ക്ക് വേണ്ടിയാണ് ഈ ഡാറ്റ ഉപയോഗിക്കേണ്ടത്. എന്നാൽ ഇവിടെ തറ നിരപ്പിലുള്ള

ഡ്രെയിനേജിനും കോമ്പൗണ്ട് വാളിന്റെ തറയ്ക്കും വേണ്ടിയാണ് 7.2.1 എന്ന ഡാറ്റ തെറ്റായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. DAR ലെ 7.2.1 എന്ന ഡാറ്റയ്ക്ക് പകരം DAR ലെ 7.1.1 എന്ന ഡാറ്റയാണ് ഇവിടെ ഉൾപ്പെടുത്തേണ്ടിയിരുന്നത്. 7.1.1 എന്ന ഡാറ്റയിൽ 'RR Masonry With Hard Stone In Foundation & Plinth' വരെ ചെയ്യുന്നതിനുള്ള ഡാറ്റയാണ് ഉൾപ്പെട്ടിരിക്കുന്നത്.

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന നന്മണ്ട ഗ്രാമ പഞ്ചായത്തിലെ 2024-25 വർഷത്തെ പദ്ധതിയായ കുടുംബാരോഗ്യ കേന്ദ്രം സൗകര്യം ഒരുക്കൽ (പ്രൊജക്ട് നം.263/25, Estt.No.19475/2023) എന്ന പദ്ധതിയ്ക്ക് ചേളന്നൂർ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ടെക്നിക്കൽ സാങ്ഷൻ നൽകിയ എസ്റ്റിമേറ്റിൽ RR പ്രവൃത്തിയുടെ 7.1.1 എന്ന ഡാറ്റ ഉൾപ്പെട്ടിട്ടുണ്ട്. ഈ ഡാറ്റ പ്രകാരം ഒരു ഘനമീറ്റർ പ്രവൃത്തി ചെയ്യുന്നതിന് 6,084.13/-രൂപയാണ് (GST ഒഴികെ) എസ്റ്റിമേറ്റ് നിരക്ക്. അതായത് ഒരു ഘനമീറ്റർ 'RR Masonry' പ്രവൃത്തി ചെയ്യുന്നതിന് 7.2.1 എന്ന ഇനവും 7.1.1 എന്ന ഇനവും തമ്മിൽ 1884.6/- രൂപയുടെ (GST ഒഴികെ) വ്യത്യാസമുണ്ട്.

പദ്ധതിയുടെ ബിൽ പ്രകാരം ആകെ 93.743 ഘനമീറ്റർ RR പ്രവൃത്തിയ്ക്കാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. പദ്ധതിയുടെ എം ബുക്ക് പ്രകാരം കോമ്പൗണ്ട് വാളിനും ഡ്രെയിൻ വാളിനും നൽകിയ RCC മിഡിൽ ബെൽറ്റിന് താഴെയായി തറ നിരപ്പിൽ 7.2.1 ഡാറ്റ പ്രകാരം ആകെ 68.575 ഘനമീറ്റർ പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. മേൽ ഖണ്ഡികയിൽ പരാമർശിച്ചത് പ്രകാരം മിഡിൽ ബെൽറ്റിന് താഴെയായി തറ നിരപ്പിൽ ചെയ്തിരിക്കുന്ന ഈ പ്രവൃത്തി 7.2.1 എന്ന ഡാറ്റയ്ക്ക് പകരം 7.1.1 എന്ന ഡാറ്റ പ്രകാരമാണ് കരാറുകാരൻ ചെയ്തിട്ടുള്ളത്. ഇപ്രകാരം ചെയ്യാത്ത ഇനത്തിന് കരാറുകാരന് അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എം ബുക്ക് പ്രകാരം 7.2.1 ഡാറ്റയിൽ ആകെ ചെയ്ത പ്രവൃത്തി | 93.743 ഘന മീറ്റർ |
| മിഡിൽ ബെൽറ്റിന് താഴെയായി ചെയ്ത RR പ്രവൃത്തി | 68.575 ഘന മീറ്റർ |
| കരാറുകാരൻ 7.2.1 ഡാറ്റയ്ക്ക് ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്ത തുക | 7602/ഘന മീറ്റർ |
| യഥാർത്ഥത്തിൽ RR പ്രവൃത്തി ചെയ്ത 7.1.1 ഡാറ്റയുടെ നിരക്ക് | 6084.13/ഘന മീറ്റർ |
| തെറ്റായ ഡാറ്റ (7.2.1) പ്രകാരം ചെയ്യാത്ത പ്രവൃത്തിയ്ക്ക് കരാറുകാരന് നൽകിയ ആകെ തുക (18% GST ഉൾപ്പടെ) | (68.575X7602)+18%(GST) =615,142.437/- |
| 7.1.1 ഡാറ്റ പ്രകാരം യഥാർത്ഥത്തിൽ കരാറുകാരന് നൽകേണ്ട തുക (18% GST ഉൾപ്പടെ) | (68.575X6084.13)+18%(GST) =492,318.674/- |
| കരാറുകാരന് അധികം നൽകിയ തുക | 122,823.763/- |

എസ്റ്റിമേറ്റിൽ ക്വാട്ട് ചെയ്ത 7.2.1 എന്ന ഇനം ഉണ്ടായിരുന്നത് കൊണ്ടാണ് ഡ്രെയിനേജിന്റെ ഇടത് സൈഡ് വാളിൽ ഇതേ ഇനം നൽകിയത് എന്നാണ് അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/25 തീയതി 14-10-2025) മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കരാറുകാരന് അധികം നൽകിയ 122,823.763/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. ചെലവ് തുക 122,823.763/- രൂപ നിരാകരിക്കുന്നു.

2) മരം മുറിച്ച് മാറ്റിയ പ്രവൃത്തി പൂർത്തീകരിക്കാതെ ബിൽ തുക നൽകി

എം.ബുക്ക് പരിശോധിച്ചതിൽ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി 60cm മുതൽ 120cm വരെ Girth ഉള്ള 2 മരങ്ങളും, 120cm മുതൽ 240cm വരെ Girth ഉള്ള 2 മരങ്ങളും മുറിച്ചുമാറ്റിയതായി രേഖപ്പെടുത്തുകയും ഇവ മുറിയ്ക്കുന്നതിന് GST ഉൾപ്പടെ 22,698.48/- (GST=3462.48/-) രൂപ ബിൽ പ്രകാരം കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുറിച്ച മരങ്ങൾ എന്ത് മരമാണ് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ മുറിച്ച മരങ്ങൾ എന്ത് ചെയ്തു എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. സ്ഥല പരിശോധനയിൽ മുറിച്ച മരങ്ങൾ

സി.എച്ച്.സി ക്വാർട്ടേഴ് കോമ്പൗണ്ടിൽ കണാൻ കഴിഞ്ഞിട്ടില്ല. എസ്റ്റിമേറ്റിൽ മരം മുറിക്കുന്നതിനായി എടുത്തിരിക്കുന്ന DAR ലെ ഡാറ്റ 2.33.2 ൽ മരം മുറിച്ച് ശിഖിരങ്ങളും വേരും അടക്കം കട്ട് ചെയ്ത് സ്റ്റാക്ക് ചെയ്യുന്നതിനുള്ള ചെലവ് ഉൾപ്പെടുന്നുണ്ട്. എന്നാൽ വലിയ രണ്ട് മരങ്ങൾ (120cm മുതൽ 240cm വരെ Girth ഉള്ളവ) തറ നിരപ്പിൽ നിന്നും ഒരടിയിലധികം ഉയരത്തിൽ വച്ച് മുറിച്ചതായും അടി ഭാഗം പിഴുതു മാറ്റാതെയുമാണ് ഉള്ളത് എന്നും സ്ഥല പരിശോധനയിൽ കാണാൻ കഴിഞ്ഞു.

മുറിച്ച മരങ്ങൾ പൂള മരമാണ് എന്നും മരങ്ങൾ ലേല നടപടി സ്വീകരിച്ച് വിൽക്കുന്നതിന് ഭരണ സമിതിയ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്നുമാണ് അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.13/25 തീയതി 14-10-2025) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മുറിച്ച മരങ്ങൾ പിഴുത് മാറ്റാത്തത് സംബന്ധിച്ച് വിശദീകരണം നൽകിയിട്ടില്ല. മരങ്ങൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കേണ്ടതും മരങ്ങളുടെ പിഴുത് മാറ്റാത്ത അടി ഭാഗം പിഴുതുമാറ്റി വിശദ വിവരം അറിയിക്കേണ്ടതുമാണ്. ചെലവ് തുക 22,698.48/- രൂപ തടസ്സപ്പെടുത്തുന്നു.

3) ആവശ്യകതയില്ലാതെ ഡ്രെയിൻ വാളിന് RCC ബെൽറ്റ് പ്രവൃത്തി നിർവ്വഹിച്ചു

പദ്ധതി പ്രകാരം നിർമ്മിച്ച ഡ്രെനേജിന്റെ ചുറ്റു മതിലിന് എതിർ വശമുള്ള ഭാഗത്ത് ഗ്രൗണ്ട് ലെവലിൽ Random Rubble Masonry യിൽ ചെയ്ത Drain Wall ന് മുകളിൽ 15 സെന്റീമീറ്റർ കനത്തിൽ Reinforced Concrete പ്രവൃത്തി ചെയ്തിട്ടുണ്ട്. ക്വാർട്ടേഴ്സ് കോംപ്ലക്സിന്റെ പുറക് വശത്തായി ചുറ്റുമതിലിനോട് ചേർന്ന് ഗ്രൗണ്ട് ലെവലിൽ നിർമ്മിച്ച ഈ ഡ്രെയിനേജ് വാളിന് മുകളിലൂടെ മറ്റ് റോഡ് വരാനോ മറ്റ് നിർമ്മിതികൾ വരാനോ ഉള്ള സൗകര്യം ഇല്ലാത്തതാണ്. ഈ സാഹചര്യത്തിൽ ഡ്രെയിനേജ് വാളിന് മുകളിലായി 15 സെന്റീമീറ്റർ കനത്തിൽ Reinforsed Concrete ചെയ്തത് പാഴ് ചെലവാണ്. ഈ ഡ്രൈനേജിന് മുകളിൽ സ്ലാബ് ഇടുന്ന പ്രവൃത്തിയും നിർവ്വഹിച്ചിട്ടില്ല. ഗ്രൗണ്ട് ലെവലിലുള്ള ഡ്രെയിനേജിന് മുകളിൽ സംരക്ഷണത്തിനായി 10 സെന്റീ മീറ്ററിൽ PCC Belt നൽകിയാൽ മതി എന്നിരിക്കെ 15 സെന്റീമീറ്ററിൽ RCC ബെൽറ്റ് നൽകിയത് മൂലം പഞ്ചായത്തിന് ചെലവിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എം ബുക്ക് പ്രകാരം ഡ്രെയിൻ വാളിന് മുകളിലായി RCC ചെയ്യുന്നതിനായി 5.22.6 എന്ന ഡാറ്റ പ്രകാരം ഉപയോഗിച്ച ആകെ കമ്പിയുടെ അളവ് = 207.086 കിലോഗ്രാം | കിലോ ഗ്രാമിന് 83/-രൂപ നിരക്കിൽ ബിൽ പ്രകാരം കരാറുകാരന് 5.22.6 എന്ന ഇനത്തിന് നൽകിയ തുക =207.086X83 =17,188/-<br>GST(18%)=3,093/-<br>Total=20,281/- |

മേൽ അപാകത്തിന് പദ്ധതി നിർവഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ 23-10-2025 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ഡ്രെയിനേജ് നിന്നിരുന്ന സ്ഥലത്ത് കുഴികളും ചതുപ്പ് പ്രദേശവുമായതിനാൽ കാലാന്തരത്തിൽ താഴ്ച സംഭവിക്കുമോ എന്ന് ഉറപ്പില്ലാത്തതിനാലാണ് Rcc Belt നൽകിയത് എന്നും ഭാവിയിൽ ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് ഡ്രെയിനേജിന് മുകളിൽ സ്ലാബ് ഇട്ട് മൂടുന്ന രീതിയിലാണ് നിർമ്മാണം നടത്തിയത് എന്നുമാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഗ്രൗണ്ട് ലെവലിൽ നിന്നും രണ്ട് അടിയിൽ കുറവ് മാത്രം ആഴമുള്ള ഈ ഡ്രെയിനേജിന് സ്ലാബ് ഇടുന്നുണ്ടെങ്കിൽ കൂടി Rcc Belt ന്റെ ആവശ്യകത ഇല്ലാത്തതാണ്. ആയതിനാൽ മേൽ ചെലവ് തുക 20,281/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

മേൽ ഖണ്ഡിക (1),(3) എന്നിവ പ്രകാരമുള്ള നഷ്ടത്തുകയായ 143,104.76/- രൂപ (122,823.763+20,281) എസ്റ്റിമേറ്റ് തയ്യാറാക്കുകയും മെഷർമെന്റ് എടുക്കുകയും ചെയ്ത അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും, എസ്റ്റിമേറ്റ് അപ്രൂവ് ചെയ്യുകയും ചെക്ക് മെഷർ ചെയ്യുകയും ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കി അറിയിക്കേണ്ടതാണ്. ഖണ്ഡിക 2 ൽ ഓഡിറ്റ് ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 22,698.48/- രൂപ തടസ്സപ്പെടുത്തുന്നു.

 

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ

2024-25 വർഷം ബ്ലോക്ക് പഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും ഈടാക്കിയ മെഡിസെപ് പ്രീമിയം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 28 | 500 | 164,500 | ഇല്ല | ഇല്ല |

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2) മെഡിസെപ് പ്രീമിയം ഒടുക്ക് - ( 01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ )

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

3) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള | മെഡിസെപ് പ്രീമിയം ഇനത്തിൽ | ഒടുക്കാൻ ബാക്കി നിൽക്കുന്ന | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | കുസർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ )ടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | ഒടുക്കിയ തുക | തുക | |
| ഇല്ല | | | | |

4) മെഡിസെപ് പ്രീമിയം ഒടുക്ക് - ( 01.08.2024 മുതൽ 31.03.2025 നള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ )

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)*** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 2 | 2025 ഫെബ്രുവരി | 3,500 | 3,500 | 0 | കുമാരി തീർത്ഥമോഹൻ.കെ.പി, 15-02-2025ന് ക്ലർക്കായി ജോലിയിൽ പ്രവേശിച്ച് 28-002-2025 മുതൽ ശൂന്യവേതനാവധിയിൽ തുടർന്ന് 20-09-2025ന് സ്ഥലം മാറ്റം ലഭിച്ച് വിടുതൽ ചെയ്തു |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 10.10.2025 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2024-25 | 15,02,000 | പി.എം.എ.വൈ ജി പദ്ധതി -ജനറൽ | 15,02,000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2024-25 | 6,30,000 | പി.എം.എ.വൈ ജി പദ്ധതി - പട്ടികജാതി | 6,30,000 | 0 |
| ആകെ | | 21,32,000 | | 21,32,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 9,80,000 | പി.എം.എ.വൈ ജി പദ്ധതി -ജനറൽ | 9,80,000 | 0 |
| ജില്ലാ | 2024-25 | 4,90,000 | പി.എം.എ.വൈ ജി | 4,90,000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പദ്ധതി - പട്ടികജാതി | | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 3,00,150 | സി ഡി എം സി കരാർ ജീവനക്കാർക്ക് വേതനം നൽകൽ | 3,00,150 | 0 |
| ആകെ | | 17,70,150 | ആകെ | 17,70,150 | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി/തുക | മുൻകൂർ നൽകിയ ആകെ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | 42/25, സോളാർ സംവിധാനം സജ്ജമാക്കൽ | 408/18.12.24 | 13,78,300 | 0 | 13,78,300 |
| | 168/2024-25,സൗരോർജ പ്ലാന്റ് സ്ഥാപിക്കൽ | 463/22.01.25 | 1100000/- | 0 | 1100000/- |
| | 28/2024-25, സി.സി.ടി.വി യും സൗരോർജ പ്ലാന്റും സ്ഥാപിക്കൽ | 339/6.10.24 | 999900/- | 0 | 999900/- |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-7 സ്ഥിരനിക്ഷേപം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാകാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 42 | 2002-03 | 11.5.2 | തൈക്കണ്ടികളും നിർമ്മാണം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി (2011-14) |

| | | | | | |
|---|---|---|---|---|---|
| | | | | | 3-ാം റിപ്പോർട്ട് ഖണ്ഡിക 12 പ്രകാ രം നിലവിലെ സ്ഥിതി സമി തിയെ അറിയിക്കണം |
| 2015-16 | 3-14 | 2016-17 | 4.8.1 | ചുമതലാ ലംഘനം | തുടരുന്നു |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ആകെ വരവ്<br>(റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം) | 9,62,25,937 |
| ആകെ ചെലവ്<br>(റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം) | 8,77,72,172 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,43,104.77/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 74,19,214.48/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 47,701.59/- | ശ്രീമതി.നിഷ.ഐ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 47,701.59/- | ശ്രീമതി.രേഖ.പി.ആനന്ദ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 47,701.59/- | ശ്രീ.ഷാഹുൽ ഹമീദ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 1,43,104.77/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-9 | 11,00,000 | ഡോ.ഷീബ എം, മെഡിക്കൽ ഓഫീസർ,<br>CHC തലക്കുളത്തൂർ |
| | 9,99,900 | ഡോ.ബേബി പ്രീത, മെഡിക്കൽ ഓഫീസർ,<br>CHC നരിക്കുനി |
| 1-10 | 2,83,739 | ഡോ.ബേബി പ്രീത, മെഡിക്കൽ ഓഫീസർ,<br>CHC നരിക്കുനി |
| 1-12 | 8,79,070/- | ശ്രീ. അഭിനേഷ് കുമാർ കെ, സെക്രട്ടറി |
| | 41,03,807/- | ശ്രീമതി.ബിന്ദു സി.പി, സെക്രട്ടറി |
| 1-14 | 22,698.48/- | ശ്രീ. ഷാഹുൽ ഹമീദ് പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-18 | 30,000/- | ശ്രീ. ബാബുരാജൻ എം എൻ, പട്ടിക ജാതി വികസന ഓഫീസർ |
| ആകെ | 7,419,214.48/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബിന്ദു സി.പി സെക്രട്ടറി | വിരമിച്ചു | ശ്രീ പദ്മം ഹൗസ്,<br>കാരപ്പറമ്പ്<br>കോഴിക്കോട്<br>ഫോൺ-7994144623 |
| ശ്രീ.അഭിനേഷ് കുമാർ കെ സെക്രട്ടറി | ജോ.ബി.ഡി.ഒ ചേളന്നൂർ ബ്ലോ.പ | കത്തലാട്ട ഹൗസ്,<br>നല്ലളം,673027 |

| | | |
|---|---|---|
| ശ്രീമതി.നിഷ.ഐ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനിയർ,<br>പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | ഇഷാന (HO നെടിയാറമ്പത്ത് വേളൂർ വെസ്റ്റ്.പി.ഒ അത്തോളി, 673315 |
| ശ്രീ. ഷാഹുൽ ഹമീദ് പി<br>അസി എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | സജിത്ത് മൻസിൽ, കോണോട്ട് പി. ഒ, കുന്നമംഗലം-673571 |
| ശ്രീമതി.രേഖ.പി.ആനന്ദ്,<br>അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനിയർ, O/O സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ. | മൂപ്പര് കുന്ന് വീട്, കുന്ദമംഗലം.പി.ഒ, കോഴിക്കോട്, 673571 |
| ശ്രീ. ബാബുരാജൻ എം എൻ,<br>പട്ടിക ജാതി വികസന ഓഫീസർ | പട്ടിക ജാതി വികസന ഓഫീസർ<br>കോഴിക്കോട് കോർപ്പറേഷൻ | മരരോട്ടി മൂട്ടിൽ ഹൗസ്, കെണിച്ചിറ പി. ഒ, വയനാട്- 673596 |
| ഡോ.ഷീബ എം മെഡിക്കൽ ഓഫീസർ<br>CHC തലക്കുളത്തൂർ | മെഡിക്കൽ ഓഫീസർ<br>CHC തലക്കുളത്തൂർ | മന്നാട്ട് ഹൗസ്, ചേവായൂർ പി ഒ, കോഴിക്കോട് |
| ഡോ.ബേബി പ്രീത<br>മെഡിക്കൽ ഓഫീസർ<br>CHC നരിക്കുനി | മെഡിക്കൽ ഓഫീസർ<br>CHC നരിക്കുനി | ജാനിക ഹൗസ്, കാരാടി പി ഒ |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്നഖണ്ഡികകളുടെഎണ്ണം | ഖണ്ഡിക പരാമർശങ്ങൾ |
|---|---|---|---|
| 1995-96<br>1996-97<br>1997-98 | എൽ.എഫ്.കെ.കെ.ഡി. പി7/764/10 തീ. 07.08.10 | 1 | 43 |
| 1998-99 | എൽ.എഫ്. കെ.കെ.ഡി. പി7/121/09 തീ. 09.02.09 | 1 | 35 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി7/116/15(2) തീ.05.05.15 | 3 | 34,39,41 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി. പി7/1/15(1) തീ.05.05.15 | 1 | 35 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി. പി7/1369/11 തീ.13.02.12 | 2 | 3-3 (എ,ബി), 3-4 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി. പി7/1/15(3) തീ.05.05.15 | 3 | 3-2, 3-3, 3-13 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി. പി8/8/2022 തീ.25.05.2022 | 1 | 3-5 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി7/116/15(5) തീ.05.05.15 | 8 | 3-2(3), 3-8എ(5,6), 3-9(3,4,5),3-10(2),3-11, 3-12, 3-13, 3-14 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി7/116/15(6) തീ.05.05.15 | 5 | 3-1,3-2,3-3,3-6,3-9 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി7/116/15(7) തീ.05.05.15 | 3 | 3-6,3-9,3-10 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി8/821/2022(1) തീ.25.05.2022 | 2 | 3-6, 3-8 |

| | | | |
|---|---|---|---|
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(9) തീ.05.05.15 | 4 | 3-2, 3-3, 3-5, 3-6 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി7/ 808/16 തീ.03.06.17 | 3 | 3-1, 3-2, 3-6 (1) |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി8/ 1531/2021(1) തീ.10.02.2022 | 6 | 2-1, 3-4, 3-7, 3-8, 3-10, 3-11 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി8/ 821/2022(2) തീ.25.05.2022 | 3 | 3-1, 3-6, 3-14 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി8/ 821/2022(3) തീ.25.05.2022 | 4 | 3-3, 3-5, 3-7, 3-12 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി8/ 1531/2021(4) തീ.10.02.2022 | 6 | 1-12, 3-1, 3-2, 3-3, 3-4, 3-6 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി8/ 1531/2021(5) തീ.10.02.2022 | 6 | 1-6, 1-8, 1-10, 1-14, 1-15, 4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി9/ 1327/2023 തീ.18.06.2024 | 8 | 1-1,1-5, 1-9,1-10, 1-11, 1-12, 4-8, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി9/ 1330/2023 തീ. 11.06.2024 | 18 | 1-1, 1-2-1, 1-5,1-7, 1-8, 1-10, 1-11, 1-12,1-13, 1-14, 1-15,1-16, 1-17, 1-18, 1-19(1) 3-1,3-3(1),4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി8/ 1943/2022 തീ.21.06.2023 | 12 | 1-1, 1-2-1, 1-2-3, 1-4, 1-5, 1-6 B, 1-7, 1-8, 1-9, 1-10, 1-11, 4-11 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി.പി9/ 486/2024 തീ.30.5.2024 | 32 | 1-1-2 മുതൽ 1-1-6 വരെ, 1-8, 1-9, 1-10 മുതൽ 1-19 വരെ, 3-1, 3-2, 4-11 വരെ |
| 2023-24 | കെ.എസ്.എ.കെ.കെ.ഡി.പി9/ 1545/2024 തീ.28.3.2025 | 25 | 1-1,1-1-1 മുതൽ 1-1-12 വരെ,1-4, 1-7മുതൽ 1-15 വരെ, 4-9, 4-10, 4-11 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 7(1) dated 10-07-2025 and submitted on 18-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Chelannur Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Chelannur Block Panchayat as on 31-03-2025

Date: 30/12/2025

Joint Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Chelannur Block Panchayat for the Year 2024-2025 .**

**1.Major Observations**

nil

**2.Other Observations**

1. All statements required as per the accounting regulations are not seen submitted.
2. Cash flow statement does not match as per accounting regulations.

3. Provisions have not been recorded in the balance sheet for various expenses.

4.Maintenance Grant (Road)-The amount recorded as revenue expenditure in I-14 schedule is donât match with I-6schedule.

5. The stock valuation has not been done

6.The Expenditure of Centrally Sponsored Fund for PMAY project is Not Reflected in IKM statement

7.The amount paid for deposit works is not accounted in the proper head.

8. Registers are not maintained to validate the balance amounts in the deposit and advance head

9.E-tender fee is not included in the annual financial statement

10. Development fund (general)-The entire expenditure amount was not reflected in the annual accounts.

11. Depreciation made in a wrong manner.

12. The liability amount of beneficiary contribution was recorded as an asset.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്